# അവസരങ്ങൾ സൃഷ്ടിച്ച് ഇസാഫ്



കെ. പോൾ തോമസ്,
എക്സി. ഡയറക്ടർ, ഇസാഫ്

**കേരളത്തിൽ കുടുംബശ്രീയും മററ് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും രൂപമെടുക്കുന്നതിന് ഒരുപാട് കാലം മുൻപാണ് അത്തരമൊരു ആശയം പോൾ തോമസ് വിജയകരമായി നടപ്പിലാക്കിയത്.**

പാവപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അവർ തയ്യാറാക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, ബിസിനസിന് ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുക തുടങ്ങിയ ആശയങ്ങളുമായാണ് പാലക്കാട്ടുകാരനായ കെ. പോൾ തോമസ് ഇസാഫ് എന്ന സംഘടനയ്ക്ക് തുടക്കം കുറിച്ചത്. കേരളത്തിൽ കുടുംബശ്രീയും മററ് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും രൂപമെടുക്കുന്നതിന് ഒരുപാട് കാലം മുൻപാണ് അത്തരമൊരു ആശയം പോൾ തോമസ് വിജയകരമായി നടപ്പിലാക്കിയത്. മൈക്രോഫിനാൻസിനു പുറമെ ആരോഗ്യം, വിദ്യാഭ്യാസം, മാനവവിഭവശേഷി വികസനം, പ്രകൃതി ദുരന്ത സഹായം, കൗൺസിലിംഗ്, കരിയർ ഗൈഡൻസ് തുടങ്ങി വ്യത്യസ്ത മേഖലകളിലായി ഇന്ന് ഇസാഫിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നു. കേരളത്തിൽ ആരംഭിച്ച ഈ സംരംഭം ഇന്ന് അതിർത്തികൾ പിന്നിട്ട് ചത്തീസ്ഗഢ്, മഹാരാഷ്ട്ര, ഡൽഹി, തമിഴ്നാട്, മധ്യപ്രദേശ്, ഗുജറാത്ത്, ജാർഖണ്ഡ്, കർണ്ണാടക എന്നിവിടങ്ങളിലും എത്തിച്ചേർന്നിരിക്കുകയാണ്. ഇസാഫിന്റെ തുടക്കത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുകയാണ് പോൾ തോമസ്.

## ഇസാഫ് രൂപമെടുക്കുന്നു

"പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരിയിലാണ് ഞാൻ ജനിച്ചത്. വലിയ സൗകര്യങ്ങളൊന്നുമില്ലാത്ത ഒരു ഗ്രാമപ്രദേശമാണത്. അന്ന് നടന്നാണ് സ്കൂളിലേക്ക് പോകുന്നത്. ചെറിയ നാട്ടുവഴികളിലൂടെ പോകുമ്പോൾ കാണുന്ന കാഴ്ചകളിലേറെയും കഷ്ടപ്പാടുകളുടേതായിരുന്നു. ഉറച്ച ദൈവവിശ്വാസിയായ ഞാൻ അന്നൊക്കെ ചിന്തിക്കുമായിരുന്നു, എന്തുകൊണ്ടാണ് ഈശ്വരൻ ഇവരെയൊക്കെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്ന്. ദൈവം എല്ലാവർക്കും ഒരുപാട് കഴിവുകൾ കൊടുത്തിട്ടുണ്ട്. പിന്നെന്തുകൊണ്ടാണ് അവസരങ്ങൾ നൽകാതിരുന്നത്? അങ്ങനെയാണ് കഷ്ടപ്പെടുന്നവർക്കു വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന കഠിനമായ ആഗ്രഹം മനസ്സിൽ രൂപമെടുക്കുന്നത്.

പഠിച്ചിറങ്ങിയ ഉടനെ എനിക്ക് സഹകരണ രാസവള നിർമാതാക്കളായ ഇഫ്കോയിൽ ജോലി കിട്ടി. ജോലി സംബന്ധമായി ഒരുപാട് യാത്ര ചെയ്യേണ്ടിവന്നിരുന്നു. അങ്ങനെ വിവിധ സംസ്ഥാനങ്ങളിലെ കുഗ്രാമങ്ങളിൽ പോകാൻ അവസരം ലഭിച്ചു. ഇങ്ങനെ ഒരു മാർക്കററിംഗ് ജോലിയിൽ ഒതുങ്ങിക്കൂടിയാൽ ശരിയാവില്ലെന്ന ചിന്ത അക്കാലത്താണ് മനസ്സിൽ ശക്തമായത്. ആ സമയത്ത് കോഴിക്കോട്ടെ ഒരു കുടുംബത്തെ പരിചയപ്പെട്ടു. വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന കുടുംബം. അവരുടെ കഷ്ടപ്പാട് കണ്ട് ഒരിക്കൽ ഞാൻ ചോദിച്ചു: ഒരു പശുവിനെ വാങ്ങിക്കൂടെ? അതൊരു അധിക വരുമാനം ആകുമല്ലോ. അതിനുള്ള പണമില്ലെന്നായിരുന്നു അവരുടെ മറുപടി. സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലെ മാനേജർ അന്ന് എന്റെ റൂംമേററാണ്. ഞാൻ അദ്ദേഹത്തോട് കാര്യം പറഞ്ഞു. അങ്ങനെ ലോൺ റെഡിയായി. ആ കുടുംബം പശുവിനെ വാങ്ങുകയും അവർക്ക് അതിലൂടെ അധിക വരുമാനം ലഭിക്കുകയും ചെയ്തു. അവരുടെ ജീവിത നിലവാരം മെച്ചപ്പെട്ടു എന്നതാണ് എന്നെ സന്തോഷിപ്പിച്ച ഏററവും വലിയ കാര്യം. പിന്നീട് ഞാൻ തൃശൂരിലേക്ക് ട്രാൻസ്ഫർ ആയി. അവിടെ എത്തിയ ശേഷമാണ് എന്റെ വഴി ഇതല്ലെന്ന് ഞാൻ തിരിച്ചറിഞ്ഞത്. 1991ലാണ് ഒരു സൊസൈററി രൂപീകരിക്കാമെന്ന് തീരുമാനിക്കുന്നത്. അന്ന് മണ്ണുത്തിയിൽ ഒരു



വാടക വീട്ടിലാണ് താമസം. അവിടെയായിരുന്നു സൊസൈററിയുടെ തുടക്കം. തൊഴിലില്ലായ്മയെക്കുറിച്ച് ഞങ്ങൾ ആദ്യം ഒരു പഠനം നടത്തി. നമ്മുടെ മനോഭാവമാണ് പലതിനും പ്രതിബന്ധം സൃഷ്ടിക്കുന്നതെന്ന് അന്ന് മനസ്സിലായി. ആദ്യം യുവാക്കൾക്ക് കരിയർ കൗൺസലിംഗ് നൽകുകയാണ് സൊസൈററി ചെയ്തത്. ഡിഗ്രി പഠനം പൂർത്തിയായവരെയാണ് ഇതിനായി തിരഞ്ഞെടുത്തത്. എന്നാൽ പിന്നീട് ഇതിനു മാററം വരുത്തി. സ്കൂൾ തലത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ തീരുമാനിച്ചു.

1993ൽ ഞാൻ ഡൽഹിയിലെ ഒരു എൻ. ജി. ഒ നടത്തിയ സെമിനാറിൽ പങ്കെടുത്തു. ബംഗ്ളാദേശിലെ ഗ്രാമീൺ ബാങ്കിന്റെ പ്രവർത്തനങ്ങളും അവർ ലോൺ നൽകുന്നതുമായി ബന്ധപ്പെട്ട സെമിനാറായിരുന്നു അത്. അതെനിക്കൊരു പുതിയ അറിവായിരുന്നു. ആ സംരംഭത്തെക്കുറിച്ച് കൂടുതൽ പഠിച്ചു. കേരളത്തിൽ അതിന് സമാനമായി പ്രവർത്തനം തുടങ്ങാൻ തന്നെ തീരുമാനിച്ചു. ഇതിനായി സാമ്പത്തികമായ ചെറിയ സഹായം ഡൽഹിയിലെ എൻ. ജി. ഒ വഹിക്കാമെന്ന് സമ്മതിച്ചു. അങ്ങനെ തൃശൂർ പാണഞ്ചേരി പഞ്ചായത്തിലെ താളിക്കോട് എന്ന സ്ഥലത്ത് കുറച്ച് സ്ത്രീകളെ സംഘടിപ്പിച്ച് പൈലററ് പദ്ധതിക്ക് തുടക്കമിട്ടു. അഞ്ച് പേരുള്ള രണ്ട് ഗ്രൂപ്പുകളെയാണ് അവിടെ തെരഞ്ഞെടുത്തത്. ഒരാൾക്ക് 3000 രൂപവച്ച് വായ്പ നൽകി. പശു, ആട്, ചായക്കട ... അങ്ങനെ പല ബിസിനസുകൾ. അതെല്ലാം വിജയിക്കുകയും ചെയ്തു. അവർ പണം തിരിച്ചടയ്ക്കാനും തുടങ്ങി. അതോടെ ഈ സംരംഭം കേരളത്തിൽ ക്ളിക്കാകുമെന്ന് എനിക്ക് മനസ്സിലായി.

നല്ല ആത്മവിശ്വാസമായതോടെ കടലോര മേഖലയായ മേത്തല പഞ്ചായത്തിലും ഇടുക്കിയിലെ കട്ടപ്പനയിലും ഇതേ പദ്ധതി ആവിഷ്ക്കരിച്ചു നോക്കി. രണ്ടിടത്തും ഇത് വിജയമായി. ഇതിനിടെ ഡൽഹിയിലെ എൻ. ജി. ഒ വായ്പാ പണം നൽകുന്നത് നിർത്തി. ബീഹാറിൽ അവർക്ക് ഈ സംരംഭത്തിൽ കുറച്ച് പണം നഷ്ടപ്പെട്ടതായിരുന്നു കാരണം. അങ്ങനെ ഞാൻ ബാങ്കുകളെ സമീപിച്ചു. ബാങ്ക് ഒഫ് ബറോഡ വായ്പ നൽകാൻ തയ്യാറായി. ഇതേ സമയം തന്നെ നോബൽ സമ്മാന ജേതാവും ബംഗ്ളാദേശിലെ മൈക്രോഫിനാൻസ് സംരംഭങ്ങളുടെ പിതാവുമായ പ്രൊഫ. മുഹമ്മദ് യൂനസുമായി ഞാൻ ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം ബംഗ്ളാദേശിലേക്ക് പോയി. അവിടെ രണ്ടാഴ്ച തങ്ങി കാര്യങ്ങൾ ശരിക്കു മനസ്സിലാക്കി. അവിടെയെത്തിയപ്പോഴാണ് ലോൺ നൽകുന്ന ഒരു പ്രോജക്ററ് അവർക്കുണ്ടെന്ന് മനസ്സിലായത്. അങ്ങനെ റിസർവ് ബാങ്കിന്റെ അനുമതിയോടെ 16 ലക്ഷം രൂപ ബംഗ്ളാദേശിൽ നിന്ന് 1998ൽ ലഭിച്ചു. ഇതോടെ ഇസാഫിന്റെ മൈക്രോഫിനാൻസ് ശക്തിപ്രാപിച്ചു. ഇന്ന് ഇസാഫ് മൈക്രോഫിനാൻസ് ആന്റ് ഇൻവെസ്ററ്മെന്റ്സ് പ്രൈവററ് ലിമിററഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ അസംഘടിത സംഘടനകളുടെ ചിട്ടപ്പെടുത്തലുകളെക്കുറിച്ച് നടത്തിയ പഠനത്തിനായി തെരഞ്ഞെടുത്ത ലോകത്തെ 16 കമ്പനികളിൽ ഇന്ത്യയിൽ നിന്നുള്ള രണ്ടെണ്ണത്തിൽ ഒന്ന് ഇസാഫാണ്."

## മററ്പ്രവർത്തന മേഖലകൾ

ആരോഗ്യ മേഖലയിലും ഇസാഫ് മികച്ച പ്രവർത്തനം നടത്തുന്നുണ്ട്. എയ്ഡ്സ് ബോധവത്ക്കരണ പ്രവർത്തനം ഇതിന്റെ ഭാഗമായി നടക്കുന്നു. പാലക്കാട്, തൃശൂർ ജില്ലകളിലായി രണ്ട് ആശുപത്രികളും നാല് ക്ളിനിക്കുകളുമുണ്ട്. പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ 50 കിടക്കകളോടു കൂടിയ ആശുപത്രിയും തച്ചമ്പാറയിൽ 150 കിടക്കകളുള്ള ആശുപത്രിയുമാണ് പ്രവർത്തിക്കുന്നത്. ഇസാഫ് സംഘം അംഗങ്ങൾക്കായി സുരക്ഷ, പരിരക്ഷ എന്നീ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. നിരവധി ആരോഗ്യ സെമിനാറുകളും ക്യാമ്പുകളും ഇസാഫ് സംഘടിപ്പിക്കുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അവിടെയും സഹായ ഹസ്തവുമായി ഇസാഫ് എത്താറുണ്ട്. പുകയിലക്കെതിരെയും സ്ത്രീ അവകാശങ്ങൾക്കു വേണ്ടിയും കാമ്പയിനുകൾ സംഘടിപ്പിക്കുന്ന ഇസാഫ് ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികളിലും ശ്രദ്ധ ചെലുത്തുന്നു. ജീവൻധാര, ജലനിധി പദ്ധതികളിൽ ഇസാഫ് ഭാഗമാകുന്നത് അങ്ങനെയാണ്. ഇസാഫ് സംഘങ്ങൾ



ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ വിററഴിക്കുന്നതിനു വേണ്ട സഹായവും നൽകുന്നു. പച്ചമരുന്നുകൾ സംസ്ക്കരിച്ച് വിപണനം നടത്തുന്ന 'അമൃത്' എന്ന വിഭാഗവും ഇസാഫിനുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി പത്ത് കളക്ഷൻ സെന്ററുകളാണുള്ളത്. പാൽ, കോഴി വ്യവസായങ്ങളിലും ഇസാഫ് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കരകൗശല ഉത്പന്നങ്ങൾ വിൽക്കുന്നതിനായി തൃശൂരിൽ 'പ്രേരണ' എന്ന പേരിൽ ഒരു സ്ഥാപനം നടത്തുന്നു. ഇസാഫിന്റെ ഉത്പന്നങ്ങളുടെ പ്രദർശനം പല സ്ഥലങ്ങളിലും സംഘടിപ്പിക്കാറുണ്ട്. "നെതർലണ്ടിലും ഞങ്ങൾ പ്രദർശനം നടത്തിയിരുന്നു. യൂറോപ്പിലെ ഫെയർ ട്രേഡ് ഗ്രൂപ്പുകൾ ഇസാഫിന്റെ ഉത്പന്നങ്ങൾ വാങ്ങുന്നുണ്ട്. അറുന്നൂറ് കോടി രൂപയാണ് വിവിധ സംഘങ്ങൾക്കായി ഞങ്ങൾ ഇതുവരെ വായ്പ നൽകിയത്. ഇത് ഒരു ഈടുമില്ലാതെയാണ് നൽകുന്നതെന്ന പ്രത്യേകതയുണ്ട്. പരസ്പര വിശ്വാസമാണ് ഇസാഫിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം", പോൾ തോമസ് പറഞ്ഞു.

## ഭാവി പദ്ധതികൾ

"അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 20 ലക്ഷം കുടുംബങ്ങൾക്കു കൂടി ഇസാഫിന്റെ പ്രയോജനം ലഭ്യമാക്കുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം. കുറഞ്ഞ ചെലവിൽ വീട് വയ്ക്കാൻ വേണ്ട സഹായം നൽകുക എന്നതിനും പ്രഥമ പരിഗണന നൽകുന്നു. കേരമൃത് എന്ന പേരിൽ പാലക്കാട് നിന്ന് ഇസാഫിന്റെ വെളിച്ചെണ്ണ ഉത്പന്നം ഉടനെ പുറത്തിറങ്ങും. ആസ്ട്രേലിയയിലെ ഓപ്പർച്യൂണിററി ഇന്റർനാഷണലും ഹോളണ്ടിലെ ഒയ്കോ ക്രഡിററും ഇസാഫിന്റെ പ്രവർത്തന പങ്കാളികളാണ്. കഴിഞ്ഞ കൊല്ലം 250 കോടി രൂപയാണ് ഇസാഫ് വായ്പ നൽകിയത്. ജാർഖണ്ഡിലും രാജസ്ഥാനിലും ബീഹാറിലും പ്രവർത്തനം വിപുലീകരിക്കാനും ഇസാഫ് തീരുമാനിച്ചിട്ടുണ്ട്". ●